# Desabhimani
# 27 August 2018
# Thiruvananthapuram, After Flood, No Heavy Rain



## ശക്തമായ മഴ ഉണ്ടാകില്ല

**തിരുവനന്തപുരം**

അടുത്ത അഞ്ചുദിവസത്തേക്ക് സംസ്ഥാനത്ത് ശക്തമായ മഴ ഉണ്ടാകില്ലെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. 31 വരെ ചിലയിടങ്ങളിൽ ഒറ്റപ്പെട്ട മഴയുണ്ടാകും. അഞ്ചുദിവസത്തേക്ക് ശക്തമായ മഴ ഉണ്ടാകുമെന്ന കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ് പിൻവലിച്ചതായി ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. ഞായറാഴ്ച ലക്ഷദ്വീപിൽ പരക്കെ മഴ ലഭിച്ചപ്പോൾ സംസ്ഥാനത്ത് ചിലയിടങ്ങളിൽ മഴ പെയ്തു. കാറ്റിന്റെ വേഗത മണിക്കൂറിൽ 45 കിലോമീറ്റർ ആകാൻ സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.